**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3062 10.05.2017-ൽ മറുപടിയ്ക്ക്

**കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിവികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോട്ടയം മെഡിക്കൽ കോളേജിൽ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്.<br>കോട്ടയം മെഡിക്കൽ കോളേജിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒപിഡി ട്രാൻസ്ഫോർമേഷന്റെ ഭാഗമായുള്ള നിർമ്മാണ നവീകരണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ അവ ഏതെല്ലാം; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്? | (ബി) | 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ അനുബന്ധം 1-ൽ കാണുക. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, ഒപിഡി ട്രാൻസ്ഫോർമേഷന്റെ ഭാഗമായി, താഴെ പറയുന്ന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>1. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുക – ടോക്കൺ സംവിധാനം ഏർപ്പെടുത്തുക – ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുക.<br>2. വിവിധ ഒ.പി. സെക്ഷനുകൾ, ലാബോറട്ടറികൾ, പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ എളുപ്പം കണ്ടുപിടിക്കാനുള്ള സൈനേജുകൾ സ്ഥാപിക്കുക.<br>3. രോഗികൾക്ക് കാത്തിരിപ്പിന് ആവശ്യമായ സ്ഥല സൗകര്യങ്ങളും കസേരയും കുടിവെള്ളവും ഏർപ്പെടുത്തുക<br>4. രോഗി പരിചരണ സഹായികൾ ഉറപ്പാക്കുക.<br>5.ടോയ്ലറ്റ് സൗകര്യങ്ങൾ പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം മുതലായവ ഏർപ്പെടുത്തുക.<br>6. രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, അടുത്ത പ്രാവശ്യം ഡോക്ടറെ കാണാൻ മുൻകൂട്ടിയുള്ള ബുക്കിംങ്ങും ഏർപ്പെടുത്തുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| Sl.No: | Projects<br>CAPITAL WORKS | Estimated costs in Rs. |
|---|---|---|
| 1 | Construction of Radiology Block and purchase of equipments for updating the department | 92,50,00,000/- |
| 2 | Construction of Additional block for General Medicine and General Surgery department | 70000000 |
| 3 | Cardiothoracic block phase II | 128,91,80,000/- |
| 4 | Construction of Child Institute near O&G block | 50,00,00,000/- |
| 5 | Modernization of blood bank | 1,50,00,000/- |
| 6 | Setting up Paediatric ICU | 2,00,00,000/- |
| 7 | Upgradation of General Surgery Department | 5,75,50,000/- |
| 8 | Modernization of ENT | 3,00,00,000/- |
| 9 | Upgradation of Anesthesia Department | 1,18,67,500/- |
| 10 | Construction of Ophthalmology Block | |
| 11 | Upgradation of Psychiatry Department | 4,00,00,000/- |
| 12 | Super Speciality Block | 215,80,00,000/- |
| 13 | Generators 500 KW – 2 Nos. | 1,00,00,000/- |
| 14 | H&PWD MLA – ADF Construction of Hemophilia Ward at Government Medical College, Kottayam | 20,00,000/- |
| 15 | Gender Budget 2016-'17 Ladies Waiting Hall at ICU in Government Medical College, Kottayam | 51,15,000/- |

സെക്ഷൻ ഓഫീസർ